MAY 2023 **U/ID 30731/ULD4A**

Time : Three hours Maximum : 75 marks

PART A — ($10 \times 2 = 20$ marks)

30 വാക്കിൽ കവിയാതെ പത്തെണ്ണത്തിന് ഉത്തര മെഴുതുക.

1. വേദനയോടെയാണെങ്കിലും ആ അധ്യായമവ സാനിച്ചു. ഇനി ലോകം നമുക്ക് സ്വതന്ത്രമാണ് - ആരുടെ വാക്കുകൾ? സന്ദർഭമേത്?

2. അങ്ങ് സഖിയെയാണ് തേടിയതെങ്കിൽ കണ്ടെത്തിയ സമ്പ്രദായം നല്ലതല്ല - ബത്ത്ശേബ ഇങ്ങനെ അഭിപ്രായപ്പെടാൻ കാരണമെന്ത്?

3. കിരീടങ്ങൾക്കു ഭാരം കുറയും - ഇവിടെ അർത്ഥമാ ക്കുന്നതെന്താണ്?

4. ഊറിയായുടെ മരണവൃത്താന്തമറിയുന്ന ബത്ത്ശേബയുടെ പ്രതികരണമെന്ത്?

5. ഞാനിപ്പോൾ വിശപ്പു തന്നെയാണ് എന്നു പറയുന്നതാര്? കാരണമെന്ത്?

6. ഇസഹാക്കിന്റെ നാക്കിന്റെ മൂർച്ച വാളിനുമുണ്ടാ യിരുന്നെങ്കിൽ എന്ന് ചിന്തിക്കുന്നതാര്? എന്തു കൊണ്ട്?

7. കുന്നുംപുറത്തെ ദേവയാനിക്ക് ഒന്നുമില്ല - ഇങ്ങനെ പറയുന്ന സന്ദർഭമേത്??

8. എത്രകാലം മനുഷ്യർ കശാപ്പുകൊണ്ട് ആത്മശാന്തി നേടും - ഏതു സന്ദർഭത്തിലാണ് ഇങ്ങനെ പറയുന്നത്?

9. ദേവയാനി എന്ന കഥാപാത്രത്തിനുള്ള പ്രസക്തി യെന്ത്?

10. പ്രഭാകരൻപിള്ള എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുന്ന ആദ്യരംഗം വിശദമാക്കുക.

11. പ്രഭാകരൻപിള്ളയും രാമനും തമ്മിലുള്ള സംഘർഷത്തിന് കാരണമെന്ത്?

12. ഒരു പെങ്കൊച്ചിന്റെ ജന്മം തൊലച്ചാ മൂന്നു മാസമേ ഒള്ളോ ശിക്ഷ - ആരാണിങ്ങനെ പറയുന്നത്? എപ്പോൾ?

PART B — ($5 \times 5 = 25$ marks)

അഞ്ച് ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നും 200 വാക്കിൽ കവിയരുത്.

13. നാടകത്തിൽ സംഘർഷത്തിനുള്ള സ്ഥാനമെന്തെന്ന് ആ മനുഷ്യൻ നീ തന്നെ എന്ന നാടകത്തെ അടിസ്ഥാനമാക്കി കണ്ടെത്തുക.

14. ഊറിയാ പോയി വരൂ. രാജകൽപ്പനയ്ക്കു ഭടന്മാർ കാരണമന്വേഷിക്കാറില്ല. യോവാബ് ഇങ്ങനെ പറയുന്നതെന്തുകൊണ്ട്? എപ്പോൾ?

15. അല്ല ബത്തേശേബാ, നീ എനിക്കു ബത്ത്ശേബയാണ് ഇന്നും എന്നും – സ്വാരസ്യം വ്യക്തമാക്കുക.

16. ശത്രുവിനെ എറിഞ്ഞു കൊല്ലുന്നത് ഇടയക്കുട്ടികൾക്കു ചേരും - സന്ദർഭവും ആശയവും എഴുതുക.

17. നാടകവും സിനിമയും തമ്മിലുള്ള വ്യത്യാസങ്ങൾ അടയാളപ്പെടുത്തുക.

18. വിശ്വംഭരനും ദേവയാനിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വിശദമാക്കുക.

19. തിരക്കഥയ്ക്ക് സിനിമയിലുള്ള പ്രാധാന്യം പെരുവഴിയമ്പലത്തിന്റെ അടിസ്ഥാനത്തിൽ വിവരിക്കുക.

PART C — ($3 \times 10 = 30$ marks)

ഓരോന്നും 500 വാക്കിൽ കവിയാതെ മൂന്നെണ്ണത്തിന് ഉത്തരമെഴുതുക.

20. ബൈബിളിലെ ലഘുകഥയാണ് സി.ജെ. യുടെ നാടകത്തിന് അടിസ്ഥാനം. എങ്കിലും നാടകം പുതിയൊരു കാഴ്ചപ്പാടിനെ തുറന്നുകാണിക്കുന്നു – വിശദമാക്കുക.

21. പാപഫലമായ ദുരന്താനുഭവങ്ങളിലൂടെ മഹത്വത്തിലേക്ക് ഉയർന്ന കഥാപാത്രമാണ് നാടകത്തിലെ ദാവീദ് രാജാവ് - പരിശോധിക്കുക.

22. ചലച്ചിത്രത്തിന്റെ ബ്ലൂപ്രിന്റാണ് തിരക്കഥ – ശരിയോ? ചർച്ച ചെയ്യുക.

23. നിലനിൽക്കുന്ന സാമൂഹ്യാവസ്ഥയെ അവതരിപ്പിക്കുകയാണ് പരിശോധിക്കുകയാണ് 'പെരുവഴിയമ്പലം' – സ്വാഭിപ്രായമെഴുതുക.

24. ആൾക്കൂട്ടത്തിന്റെ വിവിധതരം കാഴ്ചകൾക്ക് 'പെരുവഴിയമ്പലം' പ്രധാന്യം നൽകുന്നു - വിശദമാക്കുക.